തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

## സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള 40 അദ്ധ്യാപക തസ്തികകൾ പൊതുസഭയുടെ അധികാരം ഉപയോഗിച്ച് ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം - പൊതുസഭയുടെ തീരുമാനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഭരണവിഭാഗം

നമ്പർ: 117/2015/വിസി. തീയതി: തിരൂർ 17.12.2020

പരാമർശം:- 1) 21.03.2020 ന് നടന്ന സർവകലാശാല പൊതുസഭയുടെ ഇരുപത്തി രണ്ടാമത് യോഗത്തിന്റെ 2020.06 (6/22) ഇനം നമ്പർ തീരുമാനം.
2) 21.03.2020 ന് നടന്ന നിർവാഹകസമിതി 44-ാമത് യോഗത്തിന്റെ 2020.14 (14/44) ഇനം നമ്പർ തീരുമാനം.
3) വൈസ് ചാൻസലറുടെ 16.12.2020 ലെ ഉത്തരവ്.

## ഉത്തരവ്

2020 മാർച്ച് 21 ന് ചേർന്ന മലയാളസർവകലാശാല പൊതുസഭയുടെ 22-ാമത് യോഗം, സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള 40 അദ്ധ്യാപക തസ്തികകൾ പൊതുസഭയുടെ അധികാരം ഉപയോഗിച്ച് ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കുകയും നിർവാഹകസമിതി പരാമർശം (2) പ്രകാരം സൃഷ്ടിച്ച 40 അദ്ധ്യാപക തസ്തികകൾ (പ്രൊഫസർ - 5, അസോസിയേറ്റ് പ്രൊഫസർ - 10, അസിസ്റ്റന്റ് പ്രൊഫസർ-25) താഴെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ളതു പ്രകാരം പുനഃക്രമീകരിച്ചു വിവിധ ഫാക്കൽറ്റികൾക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ള സ്കൂളുകളിലും എഴുത്തച്ഛൻ പഠനകേന്ദ്രത്തിലും വിന്യസിച്ച് ഏർപ്പെടുത്തണമെന്ന നിർവാഹകസമിതിയുടെ ശുപാർശ അംഗീകരിച്ച് തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല നിയമം, 2013, 11(2) (എഫ്) പ്രകാരം വ്യവസ്ഥാപിതമാക്കി ഏർപ്പെടുത്തുവാൻ 2020.06 (6/22) ഇനം നമ്പർ പ്രകാരം തീരുമാനിച്ചു.

ഫാക്കൽറ്റികളും പഠനവിഭാഗങ്ങളും പുനഃക്രമീകരിച്ച് പഠനസ്കൂളുകൾ സ്ഥാപിച്ച് 40 അദ്ധ്യാപക തസ്തികകൾ ഏർപ്പെടുത്തി പൊതുസഭ അംഗീകരിച്ച പട്ടിക

| ഫാക്കൽറ്റി/സ്കൂൾ | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസിസ്റ്റന്റ് പ്രൊഫസർ |
|---|---|---|---|
| I മലയാളഭാഷാപഠന ഫാക്കൽറ്റി | | | |
| 1. ഭാഷാശാസ്ത്ര സ്കൂൾ | 1 | 1 | 3 |
| II സാഹിത്യഫാക്കൽറ്റി | | | |
| 1. സാഹിത്യപഠന സ്കൂൾ | 1 | 1 | 3 |
| 2. സാഹിത്യരചന സ്കൂൾ | - | 1 | 3 |
| 3. എഴുത്തച്ഛൻ പഠനകേന്ദ്രം | 1 | - | - |
| III പൈതൃകപഠന ഫാക്കൽറ്റി | | | |
| 1. സംസ്കാരപൈതൃകപഠന സ്കൂൾ | 1 | 1 | 2 |
| IV മാധ്യമപഠന ഫാക്കൽറ്റി | | | |
| 1. മാധ്യമപഠന സ്കൂൾ | 1 | 1 | 3 |
| 2. ചലച്ചിത്രപഠന സ്കൂൾ | - | 1 | 2 |
| V സാമൂഹ്യശാസ്ത്ര ഫാക്കൽറ്റി | | | |
| 1. സോഷ്യോളജി സ്കൂൾ | - | 1 | 2 |
| 2. തദ്ദേശവികസനപഠനം സ്കൂൾ | - | 1 | 2 |
| 3. ചരിത്രപഠന സ്കൂൾ | - | 1 | 3 |
| VI പരിസ്ഥിതിപഠന ഫാക്കൽറ്റി | | | |
| 1. പരിസ്ഥിതിപഠന സ്കൂൾ | - | 1 | 2 |

2) മേൽ ഖണ്ഡികയിൽ വിശദീകരിക്കപ്പെട്ടിട്ടുള്ള പൊതുസഭ തീരുമാനം പരാമർശം (3) പ്രകാരം നടപ്പിലാക്കാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

3) അതനുസരിച്ച് പൊതുസഭയുടെ തീരുമാനം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. ഷൈജൻ ഡി.
രജിസ്ട്രാർ

പകർപ്പ്:
വി.സി. കാര്യാലയം/
ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
ജെ.ഡി.എൽ.എഫ്.എ./വകുപ്പദ്ധ്യക്ഷന്മാർ/
വെബ്സൈറ്റ്/ആഫീസ് രേഖ/കരുതൽ രേഖ